**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4208** **18-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റയിൽസ് ലിമിറ്റഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ടെക്സ്റ്റയിൽസ് ലിമിറ്റഡ് തുറന്ന് പ്രവർത്തിച്ചതുമായി ബന്ധപ്പെട്ട് അതിന്റെ ഭാവി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | സാമ്പത്തിക പ്രതിസന്ധി കാരണം വൈദ്യുതി തുക അടയ്ക്കാതെ വൈദ്യുതി വിച്ഛേദിച്ചതിനാൽ 2020 ഫെബ്രുവരി 7 മുതൽ ലേ ഓഫിൽ ആയിരുന്ന കോട്ടയം ടെക്സ്റ്റൈൽസ് ഈ സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി 2021 നവംബർ 15 മുതൽ പ്രവർത്തനം പുന:രാരംഭിച്ചു. ആകെ 57 മെഷീനുകളാണ് മില്ലിലുള്ളത്. തകരാറിലായിരുന്ന മെഷീനുകൾ പ്രവർത്തന സജ്ജമാക്കി ഇപ്പോൾ മില്ലിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നുണ്ട്.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4.72 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി ഒന്നരക്കോടി രൂപ അനുവദിച്ചു നൽകുകയും ചെയ്തു. തുടർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനം പുന:രാ രംഭിച്ചതിനുശേഷം, 3.2 കോടി രൂപ തുടർപ്രവർത്തനങ്ങൾക്കായി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ നവീകരണത്തിനായി പ്രഖ്യാപിച്ച ഏഴ് കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലെന്ന് അറിയിക്കാമോ; | (ബി) | 2022-2023 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പ റേഷന് കോട്ടയം ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള യൂണിറ്റ് മില്ലുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 21.91 കോടി രൂപയാണ്. കോട്ടയം ടെ ക്സ്റ്റൈൽസിന്റെ നവീകരണത്തിനായി റിയാബ് സമർപ്പിച്ച 738.88 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | സ്ത്രീ തൊഴിലാളികളുടെ രാത്രികാല ഷിഫ്റ്റ് സംബന്ധിച്ചുള്ള പ്രശ്നത്തിൽ നിയമ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; | (സി) | ലഭിച്ചിട്ടില്ല. രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽക ന്നതിനായി 1948-ലെ ഫാക്ടറീസ് ആക്ടിലെ സെക്ഷൻ 66-ൽ നിയമാനു സൃതമായി ഭേദഗതി വരുത്തുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ അനുമതി |

| | | | |
|---|---|---|---|
| | | | ആവശ്യമാണ്. ഈ വിഷയം കത്തുമുഖേന കേന്ദ്ര ആഭ്യന്തര മന്ത്രാലത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിനുപരിയായി, നിലവിലുള്ള 29 തൊഴിൽ നിയമങ്ങളെ (ഫാക്ടറീസ് ആക്ട് ഉൾപ്പെടെ) ഏകീകരിച്ചുകൊണ്ട് രൂപീകരിക്കുന്ന 4 തൊഴിൽ കോഡുകളിൽ ഉൾപ്പെടുന്ന ഒക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം 17.12.2021-ന് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കോഡ് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് അന്തിമവിജ്ഞാപനമാകുന്ന മുറയ്ക്ക് വനിതാ ജീവനക്കാരെ രാത്രി 7.00 മണിയ്ക്കും രാവിലെ 6.00 മണിയ്ക്കും ഇടയിലുള്ള സമയത്തുകൂടി ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് ജോലിയ്ക്ക് നിയോഗിക്കുവാൻ സാധിക്കുന്നതാണ്. |
| (ഡി) | കോട്ടയം ടെക്സ്റ്റയിൽസ് ലിമിറ്റഡിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയും എന്നറിയിക്കാമോ; എത്ര പേർക്ക് ഇനി ആനുകൂല്യങ്ങൾ കൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഡി) | കമ്പനി തുറന്നു പ്രവർത്തിച്ചതിനു ശേഷം 14 പേർക്ക് 32,03,630/- രൂപയുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായും നൽകിയിട്ടുണ്ട്. 20 പേർക്ക് 46,99,442/- രൂപയുടെ ആനുകൂല്യങ്ങൾ ഇനിയും നൽകുവാനുണ്ട്. മില്ലിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് മുൻഗണനാ ക്രമത്തിൽ റിട്ടയർമെന്റ് ആനുകൂല്യം കൊടുത്ത് തീർക്കുന്നതാണ്. |
| (ഇ) | അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ഇ) | കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ (CCI)യിൽ നിന്നും 200 ബെയിൽ കോട്ടൺ വാങ്ങിയാണ് കോട്ടയം ടെക്സ്റ്റൈൽസ് പ്രവർത്തനം പുന:രാരംഭിച്ചത്. അസംസ്കൃത വസ്തുവായ പഞ്ഞിയുടെ വിലയിൽ ഉണ്ടായ വൻ വർദ്ധനവ് കാരണം കഴിഞ്ഞ 2 മാസമായി പോളിയസ്റ്റർ - കോട്ടൺ ബ്ലെൻഡ് നൂൽ ആണ് ഉല്പാദിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ